# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE : 20.10.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. രാജ്യം ദീപാവലി ആഘോഷ നിറവിൽ. ആശംസകൾ നേർന്ന് രാഷ്ട്രനേതാക്കൾ.

   **The country is in full swing of Diwali celebrations. Leaders of the Nation extend greetings.**

2. നാവിക സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷിച്ച് പ്രധാനമന്ത്രി നരേന്ദ്ര മോദി.

   **Prime Minister Narendra Modi celebrates Diwali with the Navy personnel.**

3. പുതിയ സുരക്ഷാ വെല്ലുവിളികളെ പ്രതിരോധിക്കാൻ ഇന്ത്യൻ കരസേനാ സജ്ജമെന്ന് കരസേനാമേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി.

   **Indian Army is ready to counter new security challenges, says Army Chief General Upendra Dwivedi.**

4. നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ കേരളത്തിൽ. സുരക്ഷാ നടപടികൾ ശക്തമാക്കി അധികൃതർ.

   **President Draupadi Murmu will be in Kerala tomorrow for a four-day visit. Authorities have tightened security measures.**

5. കേരളത്തിൽ ശക്തമായ മഴയ്ക്ക് സാധ്യത. എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർകോട് ഒഴികെയുള്ള മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രത.

   **Heavy rains are likely in Kerala. Orange alert has been declared in Ernakulam and Idukki districts today. Yellow alert in other districts except Kannur and Kasaragod.**

6. ഐസിസി വനിതാ ലോകകപ്പിൽ ഇന്ന് ശ്രീലങ്ക-ബംഗ്ലാദേശ് പോരാട്ടം. ഇന്ത്യയും ന്യൂസിലൻഡും തമ്മിലുള്ള മത്സരം വ്യാഴാഴ്ച.

**Sri Lanka-Bangladesh clash today in the ICC Women's World Cup. The match between India and New Zealand is on Thursday.**

**&&&&&&&&&&&&&&&&**

**PREZ - DIWALI**

ലോകമെമ്പാടുമുള്ള ഇന്ത്യക്കാർക്ക് രാഷ്ട്രപതി ദ്രൗപദി മുർമു ദീപാവലി ആശംസകൾ നേർന്നു. ഇരുട്ടിനുമേൽ വെളിച്ചത്തിന്റെയും, അജ്ഞതയ്ക്കുമേൽ അറിവിന്റെയും, തിന്മയ്ക്കുമേൽ നന്മയുടെയും വിജയത്തെ പ്രതീകപ്പെടുത്തുന്ന ഈ ഉത്സവം പരസ്പര വാത്സല്യത്തിന്റെയും സാഹോദര്യത്തിന്റെയും സന്ദേശം പങ്കുവെക്കുന്നുവെന്ന് രാഷ്ട്രപതി മുർമു ആശംസാ സന്ദേശത്തിൽ പറഞ്ഞു. ദരിദ്രരെയും അശരണരെയും സഹായിക്കാനുള്ള അവസരം കൂടിയാണിതെന്നും രാഷ്ട്രപതി കൂട്ടിച്ചേർത്തു. പരിസ്ഥിതി സൗഹൃദപരമായി ദീപാവലി ആഘോഷിക്കാൻ രാഷ്ട്രപതി നിർദ്ദേശിച്ചു.

**&&&&&&&&&&&&&&&&**

**PM - INS (INTRO)**

INS വിക്രാന്തിലെ നാവിക സേനാംഗങ്ങൾക്കൊപ്പം ദീപാവലി ആഘോഷിച്ചു പ്രധാനമന്ത്രി. ഈ വിശേഷ ദിനത്തിൽ നമ്മുടെ സായുധ സേനകളെ അഭിവാദ്യം ചെയ്യുന്നതായി ശ്രീ.മോദി പറഞ്ഞു.കര-നാവിക-വ്യോമ സേനകൾക്കിടയിലെ മികച്ച സഹകരണമാണ് ഓപ്പറേഷൻ സിന്ദൂറിൽ, വേഗം കീഴടങ്ങാൻ പാക്കിസ്ഥാനെ നിർബന്ധിതമാക്കിയതെന്നു അദ്ദേഹം അഭിപ്രായപ്പെട്ടു. അപകടസാധ്യതകളെ പരിഷ്കാരങ്ങളായും പരിഷ്കാരങ്ങളെ പ്രതിരോധശേഷിയായി മാറ്റിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

(വോയ്സ്)

**&&&&&&&&&&&&&&&&**

## PM - DIWALI

പ്രധാനമന്ത്രി നരേന്ദ്ര മോദി ജനങ്ങൾക്ക് ദീപാവലി ആശംസകൾ നേർന്നു. ദീപങ്ങളുടെ ഉത്സവത്തിൽ ഓരോ പൗരന്റെയും ജീവിതം, ഐക്യം, സന്തോഷം, സമൃദ്ധി എന്നിവയാൽ പ്രകാശിക്കട്ടെയെന്ന് ശ്രീ മോദി സമൂഹമാധ്യമത്തിൽ കുറിച്ചു. കേരള ഗവർണർ രാജേന്ദ്ര വിശ്വനാഥ് ആർലേക്കറും മുഖ്യമന്ത്രി പിണറായി വിജയനും ജനങ്ങൾക്ക് ദീപാവലി ആശംസകൾ നേർന്നു. ഉത്സവ ചൈതന്യം ജനങ്ങളിൽ സാമൂഹിക ഐക്യത്തെ ശക്തിപ്പെടുത്തുന്നതായി ഗവർണർ പറഞ്ഞു. മാനവികതയുടെ പ്രകാശം പകർന്ന്, ദീപാവലി ആഘോഷിക്കണമെന്നും സ്നേഹവും സാഹോദര്യവും പുലരട്ടെയെന്നും മുഖ്യമന്ത്രി ആശംസിച്ചു.

&&&&&&&&&&&&&&&&

## DIWALI (INTRO)

ദീപങ്ങളുടെ ഉത്സവമായ ദീപാവലി ഇന്ന് രാജ്യമെമ്പാടും പരമ്പരാഗതമായ ആവേശത്തോടെ സഹർഷം ആഘോഷിക്കുന്നു. തിന്മയുടെ മേൽ നന്മയുടെ വിജയം അടയാളപ്പെടുത്തുന്ന ദീപാവലി ഉത്സവം, വീടുകളും ക്ഷേത്രങ്ങളും പൊതു സ്ഥലങ്ങളും പ്രകാശിപ്പിച്ചുകൊണ്ടാണ് ആഘോഷിക്കുന്നത്. രാജ്യ തലസ്ഥാനമായ ഡൽഹിയിലെ ദീപാവലി ആഘോഷങ്ങളെ കുറിച്ച്
ഒരു റിപ്പോർട്ട് ........
(വോയ്സ്)

## DIWALI (VOICE)

ഡൽഹിയിലെ മാർക്കറ്റുകളും തെരുവുകളും പൂക്കളും നിറദീപങ്ങളും കൊണ്ട് അലങ്കരിച്ചിരിക്കുന്നു. വീടുകളുടെ പ്രവേശന കവാടങ്ങൾ വർണ്ണാഭമായ വിളക്കുകളും രംഗോലികളും കൊണ്ട് അലങ്കരിച്ചിരിക്കുന്നു. തലസ്ഥാന നിവാസികൾ തങ്ങളുടെ പ്രിയപ്പെട്ടവരോടൊപ്പം

ആവേശോജ്ജ്വലമായാണ് ദീപങ്ങളുടെ ഉത്സവം ആഘോഷിക്കുന്നത്. സുരക്ഷിതവും സന്തോഷകരവുമായ ആഘോഷം ഉറപ്പാക്കാൻ, പോലീസ്, അഗ്നിശമന വകുപ്പ്, ആശുപത്രികൾ എന്നിവയുൾപ്പെടെയുള്ളവ വിപുലമായ സുരക്ഷാ നടപടികൾ ഏർപ്പെടുത്തിയിട്ടുണ്ട്. പ്രധാന സ്ഥലങ്ങളായ ലജ് പത് നഗർ, കരോൾ ബാഗ്, കൊണാട്ട് പ്ലേസ്, ചാന്ദ്നി ചൗക്ക്, സരോജിനി നഗർ എന്നിവിടങ്ങളിലെ പ്രധാന വിപണികളിലും ഉത്സവ അന്തരീക്ഷം പ്രകാശപൂരിതമാണ്.

**ന്യൂസ് ഡെസ്ക് ആകാശവാണി.....**

**&&&&&&&&&&&&&&&&**

**DUBAI – DIWALI**

ദീപാവലി ആഘോഷനിറവിലാണ് ദുബായ്. നഗരത്തിലെ തെരുവുകളെല്ലാം ദീപങ്ങൾ, സംഗീതം, അലങ്കാരങ്ങൾ എന്നിവയാൽ സജീവമാണ്. ആഭരണങ്ങൾ, മധുരപലഹാരങ്ങൾ, അലങ്കാര വസ്തുക്കൾ എന്നിവ വിൽക്കുന്ന കടകളിൽ തിരക്കേറിയ വ്യാപാരമാണ് നടക്കുന്നത് .

**&&&&&&&&&&&&&&&&**

**MODI –SWADESHI**

ഉത്സവ വേളകളിൽ സ്വദേശി ഉൽപ്പന്നങ്ങൾ വാങ്ങി 140 കോടി ഇന്ത്യക്കാരുടെ കഠിനാധ്വാനത്തിൻറെ ഫലം ആഘോഷിക്കണമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഇങ്ങനെ വാങ്ങുന്ന ഉല്പന്നങ്ങളുടെ വിവരങ്ങൾ സമൂഹമാധ്യമത്തിൽ പങ്കിടാനും ശ്രീ മോദി അഭ്യർത്ഥിച്ചു. My Gov India യുടെ എക്സ് പോസ്റ്റിന് മറുപാടിയായാണ് പ്രധാനമന്ത്രി ഇക്കാര്യം പരാമർശിച്ചത്.

**&&&&&&&&&&&&&&&&**

## CHIEF OF THE ARMY STAFF- DIWALI

പുതിയ സുരക്ഷാ വെല്ലുവിളികളെ പ്രതിരോധിക്കാൻ ഇന്ത്യൻ കരസേനാ സജ്ജമെന്ന് കരസേനാമേധാവി ജനറൽ ഉപേന്ദ്ര ദ്വിവേദി. സെൻട്രൽ സെക്ടറിലെ അതിർത്തി പോസ്റ്റുകൾ സന്ദർശിച്ച അദ്ദേഹം സേനാ തയാറെടുപ്പുകൾ, സിവിൽ-സൈനിക ബന്ധം തുടങ്ങിയവ വിലയിരുത്തി. വിരമിച്ച സൈനികർ , പ്രാദേശിക സമൂഹം എന്നിവരുമായി ആശയവിനിമയം നടത്തിയ കരസേനാ മേധാവി അവർക്ക് ദീപാവലി ആശംസകളും നേർന്നു.

&&&&&&&&&&&&&&&&

## PRESIDENT - KERALA VISIT

നാലു ദിവസത്തെ സന്ദർശനത്തിനായി രാഷ്ട്രപതി ദ്രൗപദി മുർമു നാളെ കേരളത്തിലെത്തും. ഇതോടനുബന്ധിച്ച് കർശന സുരക്ഷാ നടപടികൾ ഏർപ്പെടുത്തി. മറ്റന്നാൾ രാഷ്ട്രപതി ശബരിമല ദർശനം നടത്തും. 23-ന് രാവിലെ രാജ്ഭവൻ അങ്കണത്തിൽ മുൻ രാഷ്ട്രപതി കെ.ആർ. നാരായണന്റെ അർധകായ പ്രതിമ ശ്രീമതി മുർമു അനാച്ഛാദനം ചെയ്യും. ശിവഗിരിയിൽ നടക്കുന്ന ശ്രീനാരായണ ഗുരു മഹാസമാധി ശതാബ്ദി ആചരണത്തിലും രാഷ്ട്രപതി മുഖ്യാതിഥിയാകും. പാലാ സെന്റ് തോമസ് കോളജിലും എറണാകുളം സെന്റ് തെരേസാസ് കോളജിലും വിവിധ പരിപാടികളിൽ ശ്രീമതി മുർമു പങ്കെടുക്കും.

&&&&&&&&&&&&&&&&

## WOMENS CRICKET

ഐസിസി വനിതാ ലോകകപ്പിൽ ഇന്ന് ശ്രീലങ്ക-ബംഗ്ലാദേശ് പോരാട്ടം. നവി മുംബയിലെ Dr DY പാട്ടീൽ സ്പോർട്സ് അക്കാദമിയിലാണ് മത്സരം. ഇന്നലെ നടന്ന കളിയിൽ ഇംഗ്ലണ്ട് ഇന്ത്യയെ നാലു റൺസിന് തോൽപ്പിച്ചിരുന്നു. വ്യാഴാഴ്ച ന്യൂസിലൻഡിനെതിരെ നടക്കുന്ന നിർണായക മത്സരം ജയിച്ചാൽ മാത്രമേ ഇന്ത്യക്ക് സെമി പ്രതീക്ഷ നിലനിർത്താനാവൂ.

&&&&&&&&&&&&&&&&

## WEATHER IMD

കേരളത്തിലും മാഹിയുടെ ചില ഭാഗങ്ങളിലും ഇന്ന് കനത്ത മഴ പെയ്യുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ആൻഡമാൻ നിക്കോബാർ ദ്വീപുകൾ, ആന്ധ്രാപ്രദേശ്, കർണാടകയുടെ തീരദേശ, തെക്കൻ ഉൾപ്രദേശങ്ങൾ, ലക്ഷദ്വീപ്, തമിഴ്നാട്, പുതുച്ചേരി, കാരക്കൽ എന്നിവിടങ്ങളിലും അടുത്ത ദിവസങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യത. കേരളത്തിൽ എറണാകുളം, ഇടുക്കി ജില്ലകളിൽ ഇന്ന് ഓറഞ്ച് ജാഗ്രത പ്രഖ്യാപിച്ചു. കണ്ണൂർ, കാസർകോട് ഒഴികെയുള്ള മറ്റ് ജില്ലകളിൽ മഞ്ഞ ജാഗ്രതയാണ്. കേരള –കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഈ മാസം 23 വരെ മത്സ്യബന്ധനത്തിന് പോകാൻ പാടില്ലെന്ന് മുന്നറിയിപ്പുണ്ട്.

**&&&&&&&&&&&&&&&&&&**

**ALPASI (INTRO)**

തിരുവനന്തപുരം ശ്രീ പത്മനാഭ സ്വാമി ക്ഷേത്രത്തിലെ അൽപശി ഉത്സവത്തിന്റെ കൊടിയേറ്റിനുള്ള കൊടിക്കയർ ഏറ്റുവാങ്ങി. പൂജപ്പുര സെൻട്രൽ ജയിലിലെ അന്തേവാസികളാണ് വർഷങ്ങളായി അല്പശി ഉത്സവത്തിന്റെ കൊടിയേറ്റിനുള്ള കയർ നിർമ്മിക്കുന്നത്.

**ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രെജു കോലിയക്കോട് തയാറാക്കിയ റിപ്പോർട്ട്**

(വോയിസ് )

**&&&&&&&&&&&&&&&&&&**

**BIHAR CONG THIRD LIST**

ബീഹാർ നിയമസഭാ തെരഞ്ഞെടുപ്പിനുള്ള കോൺഗ്രസ് സ്ഥാനാർത്ഥികളുടെ മൂന്നാം പട്ടിക പുറത്തിറക്കി. RJD യുടെ ഋഷി മിശ്ര കോൺഗ്രസ് ചിഹ്നത്തിൽ ജനവിധി തേടും. ഇതുൾപ്പെടെ 60 സ്ഥാനാർത്ഥികളാണ് കോൺഗ്രസിനുള്ളത്. അതേസമയം ബിഹാറിലെ രണ്ടാം ഘട്ട നിയമസഭാ തെരഞ്ഞെടുപ്പിനുള്ള നാമനിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള സമയ പരിധി ഇന്ന് അവസാനിക്കും. ആകെയുള്ള 243 സീറ്റുകളിൽ 121 മണ്ഡലങ്ങളിലേക്കുള്ള ആദ്യ

ഘട്ട വോട്ടെടുപ്പ് നവംബർ 6 ന് നടക്കും. 122 മണ്ഡലങ്ങളിലേക്കുള്ള രണ്ടാം ഘട്ട വോട്ടെടുപ്പ് നവംബർ11 ന് നടക്കും. നവംബർ 14 നാണ് വോട്ടെണ്ണൽ.

&&&&&&&&&&&&&&&&

## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത്ത് ഈ മാസം 26-ന്. മൻ കി ബാത്തിലേക്കുള്ള ആശയങ്ങളും, അഭിപ്രായങ്ങളും 1800-11-7800 എന്ന ടോൾഫ്രീ നമ്പരിലൂടെയും, നരേന്ദ്രമോദി മൊബൈൽ ആപ്പ്, MyGov ഓപ്പൺ ഫോറം എന്നിവയിലൂടെയും ഈ മാസം 24 വരെ പങ്കുവയ്ക്കാം.

&&&&&&&&&&&&&&&&

## PARIS- LOUVRE

ഫ്രാൻസിൽ, പാരീസിലെ ഏറ്റവും പ്രശസ്തമായ ലൂവ്രെ മ്യൂസിയത്തിൽ നിന്ന് അമൂല്യങ്ങളായ രത്നങ്ങൾ പതിച്ച ആഭരണങ്ങളും കിരീടവും മോഷ്ടാക്കൾ കവർന്നു. ക്രെയിൻ ഉപയോഗിച്ച് മ്യൂസിയത്തിൻറെ മുകളിലത്തെ നിലയിലെത്തി ജനൽ തകർത്തതാണ് മോഷണം നടത്തിയത്. നാലു പേർ ഉൾപ്പെട്ട മോഷണ സംഘം പിന്നീട് ബൈക്കുകളിൽ കയറി രക്ഷപെട്ടു. മോഷണം പൈതൃകത്തിനു നേരെയുള്ള ആക്രമണമാണെന്നും കുറ്റവാളികളെ നിയമത്തിന് മുന്നിൽ കൊണ്ടുവരുമെന്നും പ്രസിഡന്റ് ഇമ്മാനുവൽ മാക്രോൺ സാമൂഹിക മാധ്യമത്തിലൂടെ അറിയിച്ചു.

&&&&&&&&&&&&&&&&

## USA-NO KINGS PROTESTS

യുഎസിൽ, പ്രസിഡൻറ് ഡോണൾഡ് ട്രംപിന്റെ ഭരണത്തിനും നയങ്ങൾക്കുമെതിരായ 'നോ കിംഗ്സ്' പ്രതിഷേധങ്ങളിൽ 50 സംസ്ഥാനങ്ങളിലും ആയിരങ്ങൾ തെരുവിലിറങ്ങി. വിവിധ നഗരങ്ങളിലായി നടന്ന 2,700-ലധികം പ്രതിഷേധ പരിപാടികളിൽ 70 ലക്ഷം പേർ പങ്കെടുത്തുവെന്നാണ് റിപ്പോർട്ട്.

ജനാധിപത്യ മൂല്യങ്ങളുടെ തകർച്ച, കർശനമായ കുടിയേറ്റവിരുദ്ധ നയം നടപ്പാക്കൽ, നഗരങ്ങളിൽ സൈനികരെ വിന്യസിക്കൽ, ആരോഗ്യ സംരക്ഷണം ഉൾപ്പെടെയുള്ള സർക്കാർ പദ്ധതികളിലെ വെട്ടിക്കുറയ്ക്കൽ എന്നിവയിൽ പ്രതിഷേധക്കാർ ആശങ്ക പ്രകടിപ്പിച്ചു.

&&&&&&&&&&&&&&&&

## BOLIVIA- PREZ ELECTION

ബൊളീവിയയിലെ പ്രസിഡന്റ് തിരഞ്ഞെടുപ്പിൽ സെൻട്രിസ്റ്റ് സെനറ്ററായ റോഡ്രിഗോ പാസ് വിജയിച്ചു. യാഥാസ്ഥിതിക എതിരാളിയായ ജോർജ് ടുട്ടോ ക്വിറോഗയെയാണ് അദ്ദേഹം പരാജയപ്പെടുത്തിയത്. എന്നാൽ റോഡ്രിഗോ പാസിൻറെ പാർട്ടിക്ക് ഭൂരിപക്ഷമില്ലാത്തതിനാൽ അധികാരത്തിലേറാൻ സഖ്യങ്ങൾ ഉണ്ടാക്കേണ്ടതുണ്ട്. പുതിയ പ്രസിഡൻറ് അടുത്ത മാസം 8 ന് അധികാരമേൽക്കും.

&&&&&&&&&&&&&&&&

## WORLD BANK-ADB AGREEMENT

ഏഷ്യയിലെ വികസ്വര രാജ്യങ്ങൾളുടെ വായ്പാ ശേഷി വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് പ്രത്യേക കരാറിൽ ഏഷ്യൻ വികസന ബാങ്കും ലോക ബാങ്കും ഒപ്പുവച്ചു . മൂന്ന് ബില്യൺ യുഎസ് ഡോളറിന്റെതാണ് കരാർ. ആദ്യമായാണ് ഏഷ്യൻ വികസന ബാങ്കും ലോക ബാങ്കും തമ്മിൽ ഇത്തരത്തിൽ കരാറിലേർപ്പെടുന്നത്.

&&&&&&&&&&&&&&&&&

&&&&&&&&&&&&&&&

&&&&&&&&&&&&&